# പറപ്പൂർ പഞ്ചായത്ത് വനിതാ സഹകരണ സംഘം
## ലിമിറ്റഡ് നമ്പർ എം.610

പാലാണി, ഇരിങ്ങല്ലൂർ പി.ഒ – 676 304

**മെമ്പേഴ്സ് ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് ബെനിഫിറ്റ് സ്കീം**

1. സ്കീം നമ്പർ:........................................ 2. സ്കീമിലെ അംഗത്വ നമ്പർ:........................................
(Subscriber No.)

3. തവണകളുടെ എണ്ണവും സംഖ്യയും:........................................ സല........................

4. മെമ്പർ നമ്പറും പേരും വയസ്സും:........................................

........................................................................................

5. സ്ഥിരമായ മേൽവിലാസം:........................................

........................................................................ഫോൺ:........................

6. നോമിനിയുടെ പേരും ബന്ധവും ........................................

വിലാസവും ........................................

........................................................................ഫോൺ:........................

7. ഒന്നാമത്തെ തവണ തിയ്യതി:........................................

8. പിന്നീടുള്ള തവണകളുടെ തിയ്യതി : എല്ലാ മാസവും ........................ തിയ്യതി
(അന്നേദിവസം അവധി ആണെങ്കിൽ അടുത്ത പ്രവൃത്തിദിവസം)

9. ലേല സമയം : ........................................

**നിയമങ്ങളും വ്യവസ്ഥകളും**

1. ഈ നിക്ഷേപ പദ്ധതിയിലെ നിക്ഷേപകർ സംഘത്തിലെ അംഗങ്ങൾ മാത്രമായിരിക്കുന്നതാണ്. സംഘത്തിനു വേണ്ടി ഭരണസമിതി ഈ പദ്ധതി സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതും ഇതനുസരിച്ച് സംഘത്തിനു വേണ്ടി അതാതു കാലത്തെ സെക്രട്ടറി പദ്ധതി സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നതുമാണ്. പദ്ധതി സംബന്ധമായി സംഘത്തിലേക്ക് എഴുതി വാങ്ങുന്ന എല്ലാ പ്രമാണങ്ങളും സെക്രട്ടറിയുടെ പേരിൽ ആയിരിക്കുന്നതാണ്.

2. പദ്ധതി ആദ്യ നറുക്കെടുപ്പ് ഭരണസമിതി തീരുമാനിക്കുന്ന മുറക്ക് നടത്തുന്നതും തുടർന്നുള്ള എല്ലാ മാസങ്ങളിലും ഇതേ തിയ്യതിക്കും ഇതേ സമയത്തും നടത്തുന്നതാണ്. ഈ ദിവസം ഓഫീസ് അവധിയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസം നറുക്കെടുപ്പ് നടക്കുന്നതായിരിക്കും.

3. ഓരോ തവണയും മൊത്തം നിക്ഷേപ തുകയുടെ 5% വരുന്ന തുക സംഘത്തിന്റെ കമ്മീഷനായി മാറ്റി വെക്കുന്നതാണ്. 5% ഉൾപ്പെടെ പരമാവധി 30% വരെ കുറച്ച് നിക്ഷേപകന് അഡ്വാൻസ് ആവശ്യപ്പെടാവുന്നതാണ്.

4. 5% സംഘം കമ്മീഷനും പരമാവധി 25% വരെ ബോണസ്സും കഴിച്ച് അഡ്വാൻസ് ആവശ്യപ്പെടുന്ന നിക്ഷേപകൻ ഉണ്ടെങ്കിൽ ആ നിക്ഷേപകന് തുക നൽകുന്നതാണ്. അപ്രകാരം തുക ആവശ്യപ്പെടുന്നവർ ഒന്നിലധികം പേരുണ്ടെങ്കിൽ അവരുടെ പേര് നറുക്കിട്ടെടുക്കുന്നതും നറുക്ക് കിട്ടുന്ന നിക്ഷേപകന് അഡ്വാൻസും നൽകുന്നതാണ്.

5. 5%ത്തിൽ കൂടുതലും എന്നാൽ 25%ത്തിൽ കുറവായും അഡ്വാൻസ് ആവശ്യമുള്ള നിക്ഷേപകർ ഉള്ള പക്ഷം കൂടുതൽ തുക കുറവ് ചെയ്ത് അഡ്വാൻസ് ആവശ്യപ്പെടുന്ന നിക്ഷേപകന് തുക നൽകുന്നതാണ്.

6. നറുക്കെടുപ്പിന് ആളില്ലാതെ വന്നാൽ 5% കുറവ് ചെയ്ത് ഗഡുവ് മുടക്കം ഇല്ലാത്ത നിക്ഷേപകരുടെ പേര് നറുക്കിട്ടെടുക്കുന്നതും നറുക്ക് വീണ നിക്ഷേപകന് അഡ്വാൻസ് നൽകുന്നതുമാണ്.

8. നിക്ഷേപകൻ തവണതോറും അടയ്ക്കേണ്ട തുക എല്ലാ മാസവും നറുക്കെടുപ്പിന് മുൻപായി സംഘത്തിൽ അടയ്ക്കേണ്ടതും അപ്രകാരം ചെയ്യാത്ത പക്ഷം നറുക്കെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാത്തതുമാകുന്നു. ഒരു തവണ മുടക്കം വരുത്തുന്ന നിക്ഷേപകന് അടുത്ത തവണ തിയ്യതിക്ക് മുമ്പായി 18% പലിശയോടു കൂടി മുടക്കം തീർക്കാവുന്നതും നിക്ഷേപകന് നറുക്കെടുപ്പിൽ പങ്കുകൊള്ളാവുന്നതുമാണ്. എന്നാൽ രണ്ടോ അതിൽ കൂടുതൽ തവണകളോ മുടക്കം വരുത്തുന്ന നിക്ഷേപകന് ബോണസ്സ് ലഭിക്കുവാൻ അർഹതയില്ലാത്തതും തവണ സംഖ്യ 18%പലിശയോടു കൂടി റൊക്കം അടച്ച് കുടിശ്ശിക തീർത്ത് പദ്ധതിയിൽ തുടരാവുന്നതുമാണ്. 5 തവണയിൽ കൂടുതൽ മുടക്കം വരുത്തിയ അംഗത്തിനെ പദ്ധതിയിൽ നിന്നും നീക്കം ചെയ്തു മറ്റൊരാളെ പകരം ചേർക്കുന്നതിനും അഥവാ തൽസ്ഥാനം സംഘം ഏറ്റെടുക്കുന്നതിനും സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. പകരം ചേർക്കപ്പെടുന്ന നിക്ഷേപകന് അഡ്വാൻസ് കൊടുക്കുന്ന സമയം നീക്കപ്പെടുന്ന നിക്ഷേപകൻ അടച്ചിട്ടുള്ള തുക രശീതി എഴുതികൊടുത്ത് വാങ്ങാവുന്നതാണ്.

9. അഡ്വാൻസ് ലഭിച്ച് നിക്ഷേപകൻ മുടക്കം വരുത്തിയാൽ ബോണസ്സിന് അർഹതയില്ലാത്തതായിതീരുന്നതും മുടക്ക് തുകയ്ക്ക് 18%വീതം പലിശ നൽകേണ്ടതുമാണ്. അപ്രകാരം ചെയ്യാതിരുന്നാൽ മേലാൽ അടയ്ക്കുവാനുള്ള മുഴുവൻ തുകയ്ക്കും മുടക്ക് തിയ്യതി മുതൽ 18%പലിശയും നടപടി ചെലവ് മുതലായവയും ഈടാക്കി കൊടുക്കുന്നതിന് സംഘത്തിന് അവകാശമുള്ളതും കൊടുക്കാൻ നിക്ഷേപകൻ ബാധ്യസ്ഥനുമാണ്.

10. നറുക്ക് കിട്ടിയ നിക്ഷേപകൻ സംഘത്തിലേക്ക് മതിയായ ഉറപ്പ് നൽകേണ്ടതും ആയതു സംഘം കമ്മറ്റി പരിഗണിച്ചതിനു ശേഷം പദ്ധതിയുടെ അടുത്ത നറുക്കെടുപ്പ് തിയ്യതിക്കോ അതിനു ശേഷമോ സംഖ്യ കൈപറ്റേണ്ടതാണ്. ഈ പദ്ധതി അവസാനിക്കുമ്പോൾ അതു പ്രകാരമുള്ള നിക്ഷേപ തുക ടിയാന്റെ അഡ്വാൻസ് ഇടപാടിലേക്ക് വരവ് ചെയ്ത് ഇടപാട് അവസാനിപ്പിക്കാവുന്നതാണ്. ഈ പദ്ധതിയിൽ നിന്ന് നിക്ഷേപകന് പലിശ ലഭിക്കുകയോ പദ്ധതിയിൽ പ്രകാരമുള്ള അഡ്വാൻസിന് പലിശ ഈടാക്കുകയോ ചെയ്യുന്നതല്ല.

11. നറുക്കെടുപ്പിൽ കുറഞ്ഞസംഖ്യയിൽ നിന്നും സംഘം കമ്മീഷൻ നീക്കിയ ശേഷം എല്ലാവർക്കും അവർ എടുത്തിട്ടുള്ള ഓഹരി ക്രമം അനുസരിച്ച് ബോണസ് നൽകുന്നതും സംഘത്തിൽ കമ്മീഷൻ വകയ്ക്കുമായി അഡ്വാൻസ് വാങ്ങി നിക്ഷേപകൻ വകവെച്ച് പറ്റിയതായി രശീതി കൊടുക്കേണ്ടതാണ്.

12. അഡ്വാൻസ് വാങ്ങിയ ശേഷം നിക്ഷേപ പദ്ധതിയിൽ മുടക്കം വരുത്തുന്ന നിക്ഷേപകരിൽ നിന്നോ ടിയാന്റെ ജാമ്യക്കാരിൽ നിന്നോ ഈ പദ്ധതി അവസാനിക്കുന്നതിന് മുൻപ് എപ്പോൾ വേണമെങ്കിലും മുഴുവൻ അഡ്വാൻസ് തുകയും പലിശ, മറ്റു ചിലവുകൾ എന്നിവയും ഈടാക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവും ഉള്ളതാകുന്നു.

13. അഡ്വാൻസ് കൈപറ്റാത്ത ഏതൊരു നിക്ഷേപകനും സംഘം കമ്മറ്റിയുടെ രേഖാമൂലമായ അനുമതിയോടു കൂടി സ്വന്തം പദ്ധതിയിലുള്ള അവകാശങ്ങൾ മറ്റൊരാൾക്ക് കൈമാറാവുന്നതാണ്.

14. കാലാവധിക്ക് പദ്ധതി തുക ലഭിക്കേണ്ട നിക്ഷേപകന് സംഘം കമ്മീഷൻ കഴിച്ചുള്ള തിക പദ്ധതി അവസാനിച്ച് ഒരു മാസത്തിനകം സംഘം കൊടുക്കേണ്ടതും അപ്രകാരം കൊടുക്കാതിരുന്നാൽ ടി തുക 18% പലിശ സഹിതം ഈടാക്കി എടുക്കുന്നതിന് നിക്ഷേപകന് അവകാശമുണ്ടായിരിക്കുന്നതുമാകുന്നു.

15. പദ്ധതിയുടെ അംഗങ്ങൾക്കും, അവരിൽ നിന്നും രേഖാമൂലം അധികാരം സിദ്ധിച്ചവർക്കും മാത്രമേ പദ്ധതി നടപടികളിൽ പങ്കുകൊള്ളുവാൻ പാടുള്ളൂ.

16. നിക്ഷേപകന്റെ നോമിനിയെ ഈ നിബന്ധനയിൽ ചേർക്കേണ്ടതും നിക്ഷേപകൻ മരണപ്പെട്ടാൽ പദ്ധതി സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും നോമിനിക്ക് ലഭിക്കുന്നതുമാകുന്നു.

17. മുകളിൽ കൊടുത്ത നിബന്ധനകൾ പ്രകാരം താഴെ കൊടുത്ത നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതാണ്.

| മാസതവണ | സംഖ്യ | നിക്ഷേപ സംഖ്യ |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

18. മേൽ പറഞ്ഞ നിബന്ധനകൾക്ക് എന്തെങ്കിലും മാറ്റം വരുത്തുകയാണെങ്കിൽ ആയത് സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ആയിരിക്കേണ്ടതാകുന്നു.

*<u>സാക്ഷികൾ:</u>*

1

പേരും ഒപ്പും:

2